"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കോവിഡ്-19- അനുബന്ധ ലോക്ക് ഡൌൺ മൂലം കഷ്ടതയനുഭവിക്കുന്ന കലാകാരൻമാർക്കും സാംസ്കാരിക മേഖലയിലെ അനുബന്ധ പ്രവർത്തകർക്കുമുള്ള സമാശ്വാസ ധന സഹായ പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.191/2020/സാം.കാ.വ തീയതി,തിരുവനന്തപുരം, 16/04/2020**

---

പരാമർശം:- സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 10.04.2020 ലെ എ.2-2250/2020/സാം.വ. നമ്പർ കത്ത്

**ഉത്തരവ്**

ലോകമെമ്പാടും ദുരിതം സൃഷ്ടിക്കുന്ന കോവിഡ്-19 പകർച്ചവ്യാധിയെ പ്രതിരോധിക്കുന്നതിനായി രാജ്യത്ത് ലോക്ക്-ഡൌൺ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ പൊതുപരിപാടികളോടനുബന്ധിച്ചുള്ള കലാ-സാംസ്കാരിക പരിപാടികൾ നിർത്തി വെച്ചിരിക്കുന്നത് മൂലം കലാകാരൻമാരുടെയും സാംസ്കാരിക മേഖലയിലെ അനുബന്ധ പ്രവർത്തകരുടെയും ഉപജീവന മാർഗ്ഗങ്ങൾ താല്കാലികമായി ഇല്ലാതായിരിക്കുന്ന അവസ്ഥയാണ്. ഈ സാഹചര്യത്തിൽ വരുമാന മാർഗ്ഗം പൂർണ്ണമായും നഷ്ടപ്പെട്ട് ബുദ്ധിമുട്ടുന്ന സംസ്ഥാനത്തെ ഏറ്റവും അർഹരായ കലാകാരൻമാർക്കും സാംസ്കാരിക മേഖലയിലെ അനുബന്ധ പ്രവർത്തകർക്കും ഒരു സമാശ്വാസ ധന സഹായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം സർക്കാർ അടിയന്തിര പ്രാധാന്യത്തോടെ പരിഗണിക്കുകയുണ്ടായി. ഇതനുസരിച്ച് വിശദമായ ഒരു പ്രൊപ്പോസൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം സർക്കാരിൽ സമർപ്പിച്ചു .

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളെ തുടർന്ന് സംസ്ഥാനത്ത് ജീവസന്ധാരണത്തിന് ബുദ്ധിമുട്ടനുഭവിക്കുന്ന കലാകാരൻമാർക്കുള്ള ഈ സമാശ്വാസ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് പ്രതിമാസം 1000/- രൂപ (ആയിരം രൂപ മാത്രം) വീതം രണ്ട് മാസം ധനസഹായം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. സാംസ്കാരിക കാര്യ വകുപ്പിന് കീഴിലുള്ള കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള സാഹിത്യ അക്കാദമി, കേരള ഫോക് ലോർ അക്കാദമി, കേരള ചലച്ചിത്ര അക്കാദമി എന്നീ അക്കാദമികളുടെ 2020-21 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും 645 ലക്ഷം രൂപ (അറുനൂറ്റി നാൽപ്പത്തി അഞ്ച് ലക്ഷം രൂപ മാത്രം ) ധന:പുനർവിനിയോഗം നടത്തി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കിക്കൊണ്ടു 32,000 ൽ പരം കലാകാരൻമാർക്കും അനുബന്ധ പ്രവർത്തകർക്കും ഇപ്രകാരം ധന സഹായം നൽകുന്നതിനാണ് ഈ പദ്ധതിപ്രകാരം വിഭാവനം ചെയ്യുന്നത്. കോവിഡ്-19 മഹാമാരി മൂലം ഉപജീവനമാർഗ്ഗങ്ങൾ നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് പത്തു വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരുമായ കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ളവർക്കാണ് ഈ പദ്ധതി വഴിയുള്ള ധനസഹായം ലഭിക്കാൻ അർഹതയുള്ളത്. സർക്കാർ, പൊതുമേഖലാ സഹകരണ സ്ഥാപനങ്ങളിൽനിന്നോ ക്ഷേമനിധി ബോർഡുകളിൽ നിന്നോ പ്രതിമാസ പ്രതിഫലമോ ധനസഹായമോ ശമ്പളമോ പെൻഷനോ ലഭിക്കുന്നവർ ഈ സഹായധനത്തിന് അർഹരായിരിക്കില്ല.

ഈ പദ്ധതിയുടെ അർഹരായ ഗുണഭോക്താക്കളെ വിവിധ അക്കാദമികൾ മുഖേന നിർണയിച്ച സാംസ്കാരിക വകുപ്പ് ഡയറക്ടർ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകൾ മുഖേന ധനസഹായം വിതരണം ചെയ്യുന്നതാണ് . ഗുണഭോക്താക്കൾ സമർപ്പിക്കേണ്ട രേഖകളും വിവിധ അക്കാദമികൾ മുഖേന ഗുണോഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്ന രീതിയും മറ്റും സംബന്ധിച്ച് സാംസ്കാരിക വകുപ്പ് ഡയറക്ടർ വിശദമായ നിർദ്ദേശങ്ങൾ അടിയന്തിരമായി പുറപ്പെടുവിക്കുന്നതാണ് .

മുൻ പറഞ്ഞത് പ്രകാരം, പരാമർശത്തിലെ പ്രൊപ്പോസലിലെ നിബന്ധനകൾ അംഗീകരിച്ചു കൊണ്ട്, വിവിധ അക്കാദമികളുടെ സഹായത്തോടെ മാത്രം നിശ്ചിത എണ്ണം ഗുണഭോക്താക്കളെ നിർണയിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ , സംസ്ഥാനത്തു കോവിഡ്-19 അനുബന്ധ ലോക്ക് ഡൌൺ മൂലം ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട 32,000 ൽ പരം കലാകാരൻമാർക്കും അനുബന്ധ പ്രവർത്തകർക്കും പ്രതിമാസം 1000 രൂപ വീതം (ആയിരം രൂപ മാത്രം) രണ്ട് മാസം അടിയന്തിര ധന സഹായം ലഭ്യമാക്കുന്നതിനായി ആകെ 645 ലക്ഷം രൂപ (അറുനൂറ്റി നാൽപ്പത്തി അഞ്ച് ലക്ഷം രൂപ മാത്രം ) ചെലവ് വരുന്ന "കലാകാരൻമാർക്കും അനുബന്ധ പ്രവർത്തകർക്കുമുള്ള സമാശ്വാസ ധന സഹായ പദ്ധതി"ക്ക് സർക്കാർ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഈ പദ്ധതിയുടെ നടത്തിപ്പിനായി സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ 2205-00-102-41 (P) ശീർഷകത്തിലേയ്ക്ക് കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള സാഹിത്യ അക്കാദമി, കേരള ഫോക് ലോർ അക്കാദമി, കേരള ചലച്ചിത്ര അക്കാദമി എന്നീ അക്കാദമികളുടെ 2020-21 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും ആവശ്യമായ തുക ധനപുനർവിനിയോഗം വഴി ലഭ്യമാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത.കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്.

സാംസ്കാരിക കാര്യ വകുപ്പിന് കീഴിലെ എല്ലാ അക്കാഡമികൾക്കും സ്ഥാപനങ്ങൾക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.

ധനകാര്യ(എഡ്യൂ-സി) വകുപ്പിന്(E.1491501) EDN-C3/105/20 തീയതി 15.04.20 പ്രകാരം)

പൊതുഭരണ വകുപ്പ്.

വിവര പൊതു ജന സമ്പർക്ക വകുപ്പ് - ( പ്രസിദ്ധീകരണത്തിനായി)

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ